**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6034** **04.11.2016 -ൽ മറുപടിക്ക്**

**സാങ്കേതികതയുടെ പേരിൽ പട്ടയം നിഷേധിക്കുന്ന നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. എസ്.ശബരീനാഥൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ. എ.പി.അനിൽ കുമാർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| **(എ)** കാലങ്ങളായി താമസിക്കുന്ന ഭൂമിക്ക് സാങ്കേതികതയുടെ പേരിൽ പട്ടയം നിഷേധിക്കുന്ന നടപടി സംസ്ഥാനത്തുണ്ടോ; വിശദമാക്കുമോ; | (എ) | കാലങ്ങളായി താമസിക്കുന്ന ഭൂമിക്ക് സാങ്കേതികതയുടെ പേരിൽ പട്ടയം നിഷേധിക്കുന്നില്ല.പട്ടയം നൽകുന്നതിന് നിലവിലുള്ള വിവിധ ഭൂമി പതിവ് നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് പട്ടയം നൽകി വരുന്നു. പതിവ് ചട്ടങ്ങളിലും പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങളിലും വ്യവസ്ഥയില്ലാത്തതിനാൽ കായൽ, തോട്,റോഡ്,പാറ, കനാൽ, ആറ്റു പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ പരിമിതികളുണ്ട് |
| **(ബി)** ഇത് സംബന്ധിച്ച പരാതികൾ പരിശോധിക്കാൻ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; വിവരിക്കുമോ; | (ബി) | ഭൂമി പതിവ് സംബന്ധിച്ച് പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് പ്രദേശത്ത് താലൂക്ക് ഭൂമി പതിവ് കമ്മിറ്റികളും മുൻസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ മുൻസിപ്പൽ/ കോർപ്പറേഷൻ ഭൂമി പതിവ് കമ്മിറ്റികളും നിലവിലുണ്ട്. |
| **(സി)** പരാതികൾക്കുള്ള പരിഹാര നടപടികൾ ഏതെല്ലാം തലങ്ങളിലേക്കാണ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് വ്യക്തിഗത പട്ടയം നൽകുന്നതിന് ജില്ലാകളക്ടർമാരെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**